പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1709 **16-10-2026-ൽ മറുപടിയ്ക്ക്**

ഗതാഗത വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എഫ്. രാജ

മറുപടി നൽകിയ മന്ത്രി

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ. ഓഫീസുകളിലും പ്രവർത്തനസമയം പുന:ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉച്ചക്ക് ശേഷം ആർ.ടി.ഒ. ഓഫീസുകളിൽ മതിയായ സേവനം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യകതമാക്കാമോ;

മറുപടി: റീജിയണൽ ട്രാൻസ്പോർട്ട്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പൊതുജനങ്ങൾക്കുള്ള സന്ദർശന സമയം രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയായി നിജപ്പെടുത്തിയിരുന്നു. ഇത് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിയ്ക്ക് പുറമെ , വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സമയത്ത് പൊതുജനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായവും നൽകുന്നതായിരിക്കും . കൂടാതെ , പൊതുജനങ്ങൾക്ക് ഓഫീസ് പ്രവർത്തനസമയങ്ങളിലുടനീളം ആർ.റ്റി/സബ് ആർ.റ്റി ഓഫീസുകളെ ഫോൺ മുഖാന്തിരം ബന്ധപ്പെടാവുന്നതാണ്. അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് ഓഫീസ് മേധാവികളെ നേരിൽ കാണേണ്ടതുണ്ടെങ്കിൽ, ആയത് രാവിലെ 10 am മുതൽ വൈകിട്ട് 5 pm വരെ അനുവദിച്ചിട്ടുണ്ട്.

(ബി) 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വിദ്യാർത്ഥികൾക്കും ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

മറുപടി: പരിഗണനയിലുണ്ട്.

(സി) റോഡപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ വിഭാഗം കർമ്മപദ്ധതി തയ്യാറാക്കുന്നുണ്ടോ; കൂടാതെ ഡ്രൈവിംഗ് സ്കൂളുകളുടെ നേതൃത്വത്തിൽ റോഡ് സുരക്ഷാ സാക്ഷരതാ ക്യാമ്പയിൻ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

മറുപടി: സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് റോഡ് അപകടങ്ങളും, മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ.(കൈ) നമ്പർ 24/2026/ഗതാ. നമ്പർ

ഉത്തരവ് പ്രകാരം സമഗ്രമായ സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗതാഗത കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും "കേരള റോഡ് സുരക്ഷാ മിഷൻ" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകടമരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം.

സമഗ്രമായ ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായ നിയമപാലനവും (Enforcement), റോഡുകളിലെ ന്യൂനതകൾ പരിഹരിക്കുന്ന എഞ്ചിനീയറിംഗ് നടപടികളും (Engineering Measures) ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി നടപ്പിൽ വരുത്തി, പ്രധാന പാതകളിലെ റോഡ് അപകടങ്ങളും അപകടമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിയമലംഘന നിരീക്ഷണം, റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡ് അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് "കേരള റോഡ് സുരക്ഷാ മിഷൻ" പ്രാധാന്യം നൽകുന്നു. മാനദണ്ഡങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം റോഡ് സുരക്ഷാ വർദ്ധിപ്പിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി റോഡ് സുരക്ഷാ സാക്ഷരതാ യജ്ഞം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ നിയമങ്ങൾ, ട്രാഫിക് ചിഹ്നങ്ങൾ. സുരക്ഷിതമായ റോഡ് ഉപയോഗം, കാൽനടയാത്രക്കാരുടെയും ഇരുചക്രവാഹന യാത്രക്കാരുടെയും സുരക്ഷ, ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവയുടെ നിർബന്ധിത ഉപയോഗം, അമിതവേഗം ഉൾപ്പെടെയുള്ള ഗതാഗത നിയമലംഘനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കുന്ന ശീലം വളർത്തിയെടുക്കുന്നതിനും ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു .

സെക്ഷൻ ഓഫീസർ